## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2017 | 17. 06. 2014 ൽ മറുപടിക്ക്

### വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| {ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുതിചാർജ്ജ് അടച്ചില്ലെങ്കിൽ എത്ര ദിവസത്തിനുള്ളിൽ കണക്ഷൻ വിച്ഛേദിക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ<br>(ബി) ഗാർഹികേതര വൈദ്യുതി ഉപഭോക്താക്കൾ തുക അടച്ചില്ലെങ്കിൽ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ; | (എ) & (ബി) . ഗാർഹിക ഗാർഹികേതര വൈദ്യുതി ഉപഭോക്താക്കൾ due date-നുള്ളിൽ വൈദ്യുതി ചാർജ്ജ് അടച്ചില്ലെങ്കിൽ, പിഴയോടുകൂടി അടയ്ക്കുന്നതിന് പതിനഞ്ച് ദിവസം കൂടി അനുവദിച്ചിട്ടുള്ളതാകുന്നു. ഈ 15 ദിവസത്തിനുള്ളിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത പക്ഷം അടുത്ത പ്രവൃത്തി ദിവസം വൈദ്യുതി ബന്ധം വിച്ഛേദിക്കാറുണ്ട്. |
| (സി) സംസ്ഥാനത്ത് ഒരു ലക്ഷത്തിലേറെ തുക വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടയ്ക്കാനുള്ള വ്യക്തികൾ, സ്വകാര്യ മേഖലയിലെയും പൊതുമേഖലയിലെയും സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) സംസ്ഥാനത്ത് ഒരു ലക്ഷത്തിലേറെ തുക വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള സ്വകാര്യ മേഖലയിലെയും, പൊതുമേഖലയിലെയും സ്ഥാപനങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി) പ്രസ്തുത കുടിശ്ശിക എന്നു മുതൽക്കുള്ളതാണെന്നും ആയത് പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ? | (ഡി) 31.03.2014 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയാണ് മേൽപറഞ്ഞിട്ടുള്ളത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതബന്ധം വിച്ഛേദിക്കൽ, തവണ വ്യവസ്ഥ നടപ്പാക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, കോടതികളിൽ |

കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്